# STD - II

## അദ്ധ്യാപക സഹായി

## പാഠം - ഏഴ് ഈശോയും കുഞ്ഞുങ്ങളും ഭാഗം - ഒന്ന്

### ലക്ഷ്യം

ഈശോയ്ക്ക് കുഞ്ഞുങ്ങളെ ഏറെ ഇഷ്ടമായിരുന്നു. ഈശോ ശിശുക്കളുടെമേൽ കൈകൾവച്ച് അനുഗ്രഹിച്ചുകൊണ്ടു പറഞ്ഞു: ദൈവരാജ്യം അവരെപ്പോലെയുള്ളവരുടേതാണ്. ശിശുവിനെപ്പോലെ ദൈവരാജ്യം സ്വീകരിക്കാത്ത ആരും അതിൽ പ്രവേശിക്കുകയില്ല. ഉണ്ണീശോയെപ്പോലെ നല്ല കുട്ടിയായി ഞാനും വളരും.

### പഠനസഹായികൾ

* ഈശോയും കുഞ്ഞുങ്ങളുമൊത്തുള്ള ചിത്രങ്ങൾ/വീഡിയോ
* മാതാപിതാക്കളും മക്കളും ഒരുമിച്ചു പ്രാർത്ഥിക്കുന്ന ചിത്രങ്ങൾ
* വചനഭാഗത്തിന്റെ വീഡിയോ മർക്കോസ് 10:13-16 (ശിശുക്കളെ അനുഗ്രഹിക്കുന്ന യേശു)
* വചനം - സങ്കീ. 127:3; 1 യോഹ. 4:4)

### പാഠത്തിന്റെ ഉള്ളടക്കം

* ഈശോയ്ക്ക് കുഞ്ഞുങ്ങളെ ഏറെ ഇഷ്ടമായിരുന്നു.
* ഈശോ കുഞ്ഞുങ്ങളെ അനുഗ്രഹിക്കാനായി അമ്മമാർ കുട്ടികളെ കൊണ്ടുവരുന്നു.
* അമ്മമാരെയും കുട്ടികളെയും തടയുന്ന ശിഷ്യന്മാർ.
* ശിഷ്യന്മാരെ തിരുത്തിക്കൊണ്ട് കുട്ടികൾ അടുത്തേക്ക് വരാൻ അനുവദിക്കുന്ന യേശു
* ദൈവരാജ്യം കുഞ്ഞുങ്ങളെപ്പോലെയുള്ളവരുടേതാണെന്നും, ശിശുവിനെപ്പോലെ ദൈവരാജ്യം സ്വീകരിക്കാത്ത ആരും അതിൽ പ്രവേശിക്കുകയില്ലെന്നും പഠിപ്പിക്കുന്ന ഈശോ.
* ശിശുക്കളെ എടുത്ത് അവരുടെമേൽ കൈകൾവച്ച് അനുഗ്രഹിക്കുന്ന ഈശോ.
* കർത്താവിന്റെ ദാനമാണ് മക്കൾ (സങ്കീ. 127:3)
* കുഞ്ഞുമക്കളേ, നിങ്ങൾ ദൈവത്തിൽ നിന്നുള്ളവരാണ് (1 യോഹ. 4:4)

### പ്രാർത്ഥന

കുഞ്ഞുങ്ങളുടെ കൂട്ടുകാരനായ ഈശോയെ ഉണ്ണീശോയെപ്പോലെ പൊന്നുണ്ണികളായി വളരാൻ ഞങ്ങളെ സഹായിക്കണമേ.

## ചോദ്യങ്ങൾ

1. എന്തിനുവേണ്ടിയാണ് അമ്മമാർ കുഞ്ഞുങ്ങളെ ഈശോയുടെ അടുക്കൽ കൊണ്ടുവന്നത്?
2. ശിശുക്കളെ കണ്ടപ്പോൾ ഈശോയുടെ ശിഷ്യന്മാർ എന്തു ചെയ്തു?
3. കുട്ടികളെ തടഞ്ഞ ശിഷ്യന്മാരോട് ഈശോ എന്താണ് പറഞ്ഞത്?
4. ദൈവരാജ്യത്തിൽ പ്രവേശനം ലഭിക്കണമെങ്കിൽ ആരെപ്പോലെയാകണം?
5. മക്കൾ ആരുടെ ദാനമാണ്? കുഞ്ഞുമക്കൾ എവിടെ നിന്നുള്ളവരാണ?

# STD - II

## അദ്ധ്യാപക സഹായി

## പാഠം - ഏഴ് ഈശോയും കുഞ്ഞുങ്ങളും ഭാഗം - രണ്ട്

### ലക്ഷ്യം

മാനസാന്തരപ്പെട്ട് ഒരു ശിശുവിനെപ്പോലെ സ്വയം ചെറുതാകുന്നവനാണ് സ്വർഗരാജ്യത്തിലെ ഏറ്റവും വലിയവൻ. കുടുംബത്തെ പ്രകാശപൂർണ്ണമാക്കുന്ന നക്ഷത്രങ്ങളാണ് കുഞ്ഞുങ്ങൾ. ഈശോയാകുന്ന വെളിച്ചത്തിന്റെ വഴിയിലൂടെ മുന്നോട്ടുനടന്നുകൊണ്ട്, നാടിനും വീടിനും ഉപകരിക്കുന്നവിധത്തിൽ അനുസരണയുള്ള കുട്ടിയായി ഞാൻ വളരും.

### പഠനസഹായികൾ

* ഉണ്ണീശോയുടെ പലതരത്തിലുള്ള ചിത്രങ്ങൾ
* ആകാശത്ത് മിന്നുന്ന നക്ഷത്രങ്ങളുടെയും, ലോകത്തിന് നുറുങ്ങുവെട്ടം സമ്മാനിക്കുന്ന മിന്നാമിന്നികളുടെയും വീഡിയോ
* വചനം - മത്തായി 18:1-4 (സ്വർഗരാജ്യത്തിലെ ഏറ്റവും വലിയവൻ)
* ഉണ്ണീശോ നല്ലൊരു കൂട്ടുകാരൻ - പാട്ട്
* CCC - 564 - (മറിയത്തോടും ജോസഫിനോടുമുള്ള അനുസരണം)

### പാഠത്തിന്റെ ഉള്ളടക്കം

* സ്വർഗരാജ്യത്തിൽ വലിയവൻ ആരാണെന്ന ശിഷ്യന്മാരുടെ ചോദ്യം
* ഈശോ ഒരു ശിശുവിനെ അവരുടെ മധ്യത്തിൽ നിറുത്തിക്കൊണ്ട് പറയുന്നു: ‘നിങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയില്ലെന്ന്.
* ശിശുവിനെപ്പോലെ സ്വയം ചെറുതാകുന്നവനാണ് സ്വർഗരാജ്യത്തിലെ ഏറ്റവും വലിയവൻ
* കുടുംബത്തെ പ്രകാശിപ്പിക്കുന്ന കൊച്ചുനക്ഷത്രങ്ങളും, ലോകത്തിന് നുറുങ്ങുവെട്ടം സമ്മാനിക്കുന്ന മിന്നാമിന്നികളുമാണ് കുഞ്ഞുങ്ങൾ.
* നാടിനും വീടിനും പ്രിയപ്പെട്ട കുട്ടികളായി കുഞ്ഞുങ്ങൾ വളരുന്നു.
* കുഞ്ഞുനാൾ മുതൽ നല്ല ശീലങ്ങൾ പരിശീലിക്കുകയും, കൂട്ടുകാരുമൊത്ത് സ്നേഹത്തോടും അച്ചടക്കത്തോടുംകൂടി കളിക്കുകയും ഇടപഴകുകയും വേണം.
* പാട്ടുപാടി ഉണ്ണീശോയെ സ്തുതിക്കാം.

## പ്രാർത്ഥന

കുഞ്ഞുങ്ങളുടെ കളിക്കൂട്ടുകാരനായ ഈശോയെ, അറിവില്ലായ്മകൊണ്ട് ഞങ്ങൾ ചെയ്തുപോയ തെറ്റുകൾ ക്ഷമിക്കണമെന്നും, നാടിനും വീടിനും സഹായകമാകുന്ന തരത്തിൽ ഞങ്ങളെ വളർത്തി വലുതാക്കണമെന്നും അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

## ചോദ്യങ്ങൾ

1. ശിശുവിനെപ്പോലെ ഏറ്റവും ചെറുതാകുന്നവനാണ് സ്വർഗത്തിലെ ഏറ്റവും വലിയവൻ - എന്നു പറഞ്ഞതാര്?
2. നിങ്ങൾ എന്ത് ചെയ്തില്ലെങ്കിൽ സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയില്ലെന്നാണ് ഈശോ ശിഷ്യന്മാരോട് പറഞ്ഞത്?
3. കുടുംബത്തെ പ്രകാശമാനമാക്കുന്ന കൊച്ചുനക്ഷത്രങ്ങൾ ആരാണ്?
4. ഈശോയാകുന്ന വെളിച്ചത്തിന്റെ വഴിയിലൂടെ മുന്നോട്ടു നടന്നുകൊണ്ട് നാം എങ്ങനെയുള്ള കുട്ടികളായി വളരണമെന്നാണ് ഈശോ നമ്മെ ഓർമ്മിപ്പിക്കുന്നത്?
5. ഉണ്ണീശോ നല്ലൊരു കൂട്ടുകാരൻ പാട്ട് പാടുക.